രണ്ടു വർഷം കെട്ടിട വാടക അതാതു പഞ്ചായത്തുകൾ തന്നെ നൽകുക എന്നീ മാനദണ്ഡങ്ങൾ അനുസരിച്ച് കെട്ടിടം അതാത് പഞ്ചായത്ത് അധികൃതർ കണ്ടു പിടിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) നിത്യോപയോഗ സാധനങ്ങൾ മാവേലി സ്റ്റോറുകളിലൂടെ ഓരോ മാസവും ഒരേ വിലനിലവാരത്തിൽ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡൈസ്ഡ് വിലയിലാണ് വിതരണം ചെയ്തുവരുന്നത്.

സിവിൽ സപ്ലൈസ് വകുപ്പ് അനുമതി നൽകിയ മെഡിക്കൽ സ്റ്റോറുകൾ

62 (1116) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുവാൻ സിവിൽ സപ്ലൈസ് വകുപ്പ് അനുമതി നൽകിയിട്ടുണ്ട് ;

(ബി) ഇങ്ങനെ അനുമതി നൽകിയതിൽ ഇപ്പോൾ എത്ര എണ്ണം പ്രവർത്തനക്ഷമമാണ് ; തുടങ്ങിയ മെഡിക്കൽ സ്റ്റോറുകളിൽ എത്ര എണ്ണം പ്രവർത്തനം നിർത്തിവച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(സി) പുതുതായി ഇനി എത്ര മെഡിക്കൽ സ്റ്റോറുകൾ കൂടി സിവിൽ സപ്ലൈസ് വകുപ്പ് അനുവദിക്കുന്നുണ്ട് ?

ഉത്തരം

(എ) 8 മെഡിക്കൽ സ്റ്റോറുകൾ

(ബി) അനുമതി നൽകിയ എല്ലാ മെഡിക്കൽ സ്റ്റോറുകളും പ്രവർത്തനക്ഷമമാണ്. ഒന്നും നിർത്തിവച്ചിട്ടില്ല.

(സി) അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് കഴിയുന്നത്ര മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള പെട്രോൾ പമ്പുകൾ

63 (1117) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് കീഴിൽ ഇപ്പോൾ എത്ര പെട്രോൾ പമ്പുകളാണുള്ളത് ; ജില്ല തിരിച്ചുള്ള ലിസ്റ്റ് വ്യക്തമാക്കാമോ ;

(ബി) കൂടുതൽ സ്ഥലങ്ങളിൽ കോർപ്പറേഷൻ പെട്രോൾ പമ്പുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണ് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ 10 പെട്രോൾ പമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ലതിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു :

1.	തിരുവനന്തപുരം	4
2.	കൊല്ലം	1
3.	കോട്ടയം	1
4.	എറണാകുളം	2
5.	മലപ്പുറം	1
6.	കോഴിക്കോട്	1

(ബി & സി) പുതിയ പെട്രോൾ പമ്പുകൾ എവിടെ തുടങ്ങണം എന്നു തീരുമാനിക്കുന്നതും ഏജൻസിയെ തിരഞ്ഞെടുക്കുന്നതും ഓയിൽ കമ്പനികളാണ്. അപേക്ഷ ക്ഷണിക്കുന്ന സ്ഥലങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ പുതിയ പെട്രോൾ പമ്പുകൾ അനുവദിച്ചു കിട്ടാനുള്ള ശ്രമം നടത്തിവരികയാണ്.

സാംസ്ക്കാരിക സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റും പ്രവർത്തനവും

64 (1118) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം ഫോക്‌ലോർ അക്കാദമി, ചലച്ചിത്ര അക്കാദമി എന്നീ സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് സർക്കാർ വർഷം തോറും നൽകിവരുന്ന സാമ്പത്തിക സഹായം-ഗ്രാന്റ് എന്നിവ എത്രയാണ് ;

(ബി) 2001-2002, 2002-2003 വർഷങ്ങളിൽ ഈ സ്ഥാപനങ്ങൾക്ക് നൽകിയ ഗ്രാന്റ് സഹായം എത്ര ; മേൽ സ്ഥാപനങ്ങളിലെ കമ്മിറ്റികളിൽ നിന്ന് അംഗങ്ങൾ രാജിവച്ചു പോയിട്ടുണ്ടോ ;

(സി) അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ ആരെല്ലാമാണ് ; ഈ സ്ഥാപനങ്ങളുടെ സെക്രട്ടറിമാരെ ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly